**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**വികാസ്ഭവൻ, തിരുവനന്തപുരം**
**(ഹാജർ : ഡോ. പി.കെ.ജയശ്രീ., ഐ.എ.എസ്.)**

വിഷയം : കാർഷിക വികസന കർഷകക്ഷേമ വകുപ്പ് - ജീവനക്കാര്യം - കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സെലക്ഷൻ ഗ്രേഡ്, സീനിയർ ഗ്രേഡ്, ഗ്രേഡ്-I) അനുപാത സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1) ജി.ഒ.(പി)85/2011 ഫിൻ തീയതി 26.02.2011.
2) ഈ കാര്യാലയത്തിലെ 14.06.2018 ലെ ഇതേ നമ്പർ ഉത്തരവ്.
3) ഈ കാര്യാലയത്തിലെ 11.01.2007 ലെ എസ്.എ.(2)21859/06 നമ്പർ ഉത്തരവ്.
4) ഈ കാര്യാലയത്തിലെ 08.08.2011 ലെ എസ്.എ.(2)16398/2011 നമ്പർ ഉത്തരവ്.

**ഉത്തരവ് നം. എസ്.എ.(3)17659/2015 തീയതി: 27.09.2018**

പരാമർശം (2) ഉത്തരവ് പ്രകാരം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ പേഴ്സണൽ അസിസ്റ്റന്റ് ആയി വകുപ്പിലെ സീനിയറായ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റായ ശ്രീമതി ഗീത.എം.ജി. യെ നിയമിച്ചിട്ടുണ്ട്. ടിയാൾ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ ചുമതലകളിൽ നിന്നും 20.06.2018 അപരാഹ്നം വിടുതൽ ചെയ്ത്, 25.06.2018 പൂർവ്വാഹ്നം കൃഷി ഡയറക്ടറുടെ പേഴ്സണൽ അസിസ്റ്റന്റ് തസ്തികയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രസ്തുത നിയമനത്തിന് ആനുപാതികമായി സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് ഏറ്റവും സീനിയറായ സീനിയർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി പി.രാധാമണിയെ (പരാമർശം 3 പ്രകാരമുള്ള മുൻഗണനാ പട്ടികയിൽ ക്രമ നം.38) 39500-83000 രൂപ ശമ്പള സ്കെയിലിൽ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ആയി 21.06.2018 മുതൽ സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

മേൽ വിവരിച്ച സാഹചര്യത്തിൽ നിലവിൽ വരുന്ന സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഒഴിവിലേക്ക് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-I ആയ ശ്രീമതി കൽപന.കെ. കട്ടപ്പനെ (പരാമർശം (4) പ്രകാരമുള്ള മുൻഗണനാ പട്ടികയിൽ നിന്നും (ക്രമനമ്പർ 9)) 30700-65400 രൂപ ശമ്പള സ്കെയിലിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സീനിയർ ഗ്രേഡ് ആയി 21.06.2018 മുതൽ സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-I തസ്തികയിലെ ഒഴിവിലേക്ക് സ്ഥാനക്കയറ്റം നൽകി പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

20.12.2010 ലെ GO(P)42/2010/P&ARD ഉത്തരവ് പ്രകാരം സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി സ്ഥാനക്കയറ്റം ലഭിച്ച ഓഫീസർ പ്രസ്തുത തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ ഒരു വർഷത്തിനുള്ളിൽ 6 മാസത്തെ പരിവീക്ഷാക്കാലം പൂർത്തീകരിച്ചിരിക്കേണ്ടതാണ്.

മേൽ ഉത്തരവു പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർ നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയങ്ങളിൽ തുടരാവുന്നതാണ്.

ബന്ധപ്പെട്ട ജീവനക്കാരുടെ സേവനപുസ്തകത്തിൽ സ്ഥാനക്കയറ്റം സംബന്ധിച്ച ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

(ഒപ്പ്)
**കാർഷിക വികസന കർഷകക്ഷേമ**
**വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

ശ്രീമതി പി.രാധാമണി, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ആർ.എ.ടി.ടി.സി., കഴക്കൂട്ടം.
ശ്രീമതി കല്പന.കെ.കട്ടപ്പൻ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ആലപ്പുഴ.

പകർപ്പ്

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ആർ.എ.ടി.ടി.സി. കഴക്കൂട്ടം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി), ആലപ്പുഴ.
ഐ.ടി.സെൽ (ഹെഡ്ക്വാർട്ടേഴ്സ്)
സ്റ്റോക്ക് ഫയൽ / അധികം

Junior Superintendent
SA Section
Directorate of Agriculture
Thiruvananthapuram - 33